**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **11-06-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് e-tender സൈറ്റ് മുഖേന Request for Proposal ആണ് തയ്യാറാക്കി നൽകിയിട്ടുള്ളത്. ആയത് പ്രകാരം ബിഡിൽ പങ്കെടുക്കുന്നവരാണ് തുക വാഗ്ദാനം ചെയ്യേണ്ടത്. ആയതിനാൽ പദ്ധതി നടത്തിപ്പിനായി പ്രത്യേകം എസ്റ്റിമേറ്റ് തയ്യറാക്കിയിട്ടില്ല. |
| (ബി) | ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും സോഫ്റ്റ്വെയർ വാഗ്ദാനം ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത സോഫ്റ്റ്വെയർ സൗജന്യ നിരക്കിൽ നൽകുമെന്നാണോ കേന്ദ്ര സർക്കാർ വാഗ്ദാനം നൽകിയിരുന്നത്; വ്യക്തമാക്കാമോ; | (ബി) | രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരുന്നു. നബാർഡിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സോഫ്റ്റ്വെയർ സൗജന്യ നിരക്കിലല്ല ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ ചിലവാകുന്ന തുകയുടെ 40% സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. |
| (സി) | ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തതെന്നും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി ടെൻഡർ വിളിച്ചിരുന്നു. Tata Consultancy Services(TCS) മാത്രമാണ് ടെണ്ടറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ചിട്ടുള്ളത്. 206,43,73,164.12 രൂപയാണ് (ഇരുന്നൂറ്റിയാറ് കോടി നാൽപത്തിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി നൂറ്റി അറുപത്തിനാല് രൂപ പന്ത്രണ്ട് പൈസ) ടി പദ്ധതി നടപ്പിലാക്കുന്നതിനായി TCS സമർപ്പിച്ചിട്ടുള്ള ബിഡ് തുക. |
| (ഡി) | പ്രസ്തുത ടെൻഡറിന്റെ പ്രീ ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; ഇതിൽ മാറ്റം വരുത്തിയിരുന്നോ; വിശദാംശം നൽകാമോ; | (ഡി) | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ RFP പ്രകാരമുള്ള ടെൻഡർ 23.01.2021ന് e-tender വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഒരു കമ്പനിയും bid submit ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ റീടെൻഡറിങ്ങിനുള്ള |

നടപടികളിൽ സ്വീകരിച്ചു. റീ ടെൻഡർ നടപടികളുടെ ഭാഗമായി സോഫ്റ്റ്വെയർ വെണ്ടർമാരുടെ യോഗം 27.10.2021ന് രജിസ്ട്രാർ വിളിച്ചു ചേർക്കുകയും നിലവിലെ RFPയിലെ വ്യവസ്ഥകളിൽ അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ആവശ്യമായ ഭേദഗതികൾ വരുത്താൻ തീരുമാനിക്കുകയും, പുതുക്കിയ RFP പ്രകാരമുള്ള ടെൻഡർ 18.12.2021ന് e-tender websiteൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

ടെൻഡർ നടപടികളുടെ ഭാഗമായി RFPയിന്മേലുള്ള Pre-Bid Meeting 14.01.2022ന് സഹകരണ സംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. Pre-bid meetingൽ പങ്കെടുത്ത കമ്പനികളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് 11.02.2022ന് ടെക്നിക്കൽ കമ്മിറ്റിയും, മോണിറ്ററിങ് കമ്മിറ്റിയും യോഗം ചേർന്ന് RFPയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി corrigendum പ്രസിദ്ധീകരിക്കുകയും ചെയ്തു.

ആദ്യ ടെണ്ടറിലെ പ്രീ ക്വാളിഫിക്കേഷനിൽ മാറ്റം വരുത്തിയ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

| |
|---|
| **<u>1st Tender</u>**<br><br><u>Pre- Qualification Criteria</u><br><br>**Previous Experience Credit**<br><br>The bidder should implemented upgraded and currently in live operatior for minimum 3 years at least in 450( branches of PACS/ NBFC/ Banks anywhere in India.<br><br>Bidder should have a work order of 75( or above branches and cumulative should be greater than 4500 |
| **<u>2nd Tender</u>**<br><br><u>Pre- Qualification Criteria</u><br><br>**Previous Experience Credit**<br><br>The bidder should implemented upgraded and currently in live operatior for minimum 3 years at least in 300( branches of PACS/ NBFC/ Banks anywhere in India. |

| | | | |
|---|---|---|---|
| | | | Bidder should have a work order of 75( or above branches and cumulativ should be greater than 2000<br>**<u>2nd Tender – Corrigendum</u>**<br><u>Pre- Qualification Criteria</u><br>**Previous Experience Credit**<br>The bidder should implemented upgraded and currently in live operatio for minimum 3 years at least in 200( branches of PACS/ NBFC/ Bank anywhere in India. |
| (ഇ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കരാർ കമ്പനിക്ക് യൂസേജ് ഫീ നൽകണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര തുകയെന്നു വ്യക്തമാക്കാമോ; | (ഇ) | ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി SaaS മോഡൽ സോഫ്റ്റ്വെയറിനാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. ആയത് പ്രകാരം One Time Implementation Cost ആയി 636045269.912 രൂപയും, ആറ് വർഷക്കാലയളവിലേക്ക് Recurring Expense ആയി 1428327894.212 രൂപയും ആണ് ആകെ നൽകേണ്ടത്. One Time Implementation Cost പൂർണമായും സർക്കാർ വഹിക്കുന്നതിനും, പ്രതിമാസ സർവീസ് ചാർജ് സംഘങ്ങൾ വഹിക്കുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതു പ്രകാരം ഒരു പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചിനെ ഒരു യൂണിറ്റായി കണക്കിലെടുത്ത് പ്രതിമാസ ആവർത്തനചെലവായി 4,493.29 രൂപ സംഘം വഹിക്കേണ്ടതാണ്. |
| (എഫ്) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി കരാർ ലഭിച്ച സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എഫ്) | കരാർ ഒപ്പ് വെച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ